 

**ഒരമ്മക്കുറിപ്പ്**

# അമ്മയ്ക്കൊരു ദിവസം

## സുധീർ പണിക്കവീട്ടിൽ

അമ്മയുടെ സ്നേഹം അനന്തമായ ഒരു പ്രവാഹമാണു് യുഗയുഗാന്തരങ്ങളായി അമ്മമാർ ഒഴുക്കുന്ന വാത്സല്യദുഗ്ധം നിറഞ്ഞ് ഭൂമിയിൽ ഒരു പാലാഴി തിരയടിക്കുന്നു. പ്രതിദിനം അതിൽ നിന്നും കടഞ്ഞെടുക്കുന്ന അമ്രുതുണ്ട് ഉണ്ണികൾ വളരുകയാണു. സൂര്യരശ്മിപോലെ, അമ്രുതതരംഗിണി പോലെ, മഞ്ഞ് പോലെ, മഴ പോലെ മമതയുടെ ആ അമ്രുതധാര പ്രക്രുതിയിൽ അലിഞ്ഞിരിക്കുന്നത്കൊണ്ടായിരിക്കാം ഈ പ്രപഞ്ചം നിലനിൽക്കുന്നത്. പുരാതന ഭാരതത്തിലെ ആയുർവേദ ശാസ്ത്രമനുസരിച്ച് ഗർഭധാരണം മുതൽ ശിശു അമ്മയുമായി സംഭാഷണത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു എന്നാണു. അതിനെ സ്വത്വസംഭാഷണമെന്നാണു പറയുന്നത്. സത്വം എന്നാൽ വെളിച്ചം. ശിശുവിൻെറ ആത്മാവിൻെറ വെളിച്ചവും, അമ്മയുടെ ആത്മാവിൻെറ വെളിച്ചവുമായി പരസ്പരം സമ്പർക്കം പുലർത്തികൊണ്ടിരിക്കുന്നു. പിറന്ന് വീഴുന്ന ശിശു കേൾക്കുന്നത് അമ്മയുടെ ശബ്ദമാണു. കുഞ്ഞ് പറയുന്നത്, പഠിക്കുന്നത് അമ്മയുടെ ഭാഷയാണു. അമ്മയുടെ സംരക്ഷണയിൽ അമ്മ നൽകുന്ന മുലപ്പാലിൽ ഒരു കുഞ്ഞ് വളരുന്നു. എത്രയോ ദിവ്യമാണു മാത്രു-ശിശു ബന്ധം. എല്ലാ ജീവജാലങ്ങളിലും ഇതു പ്രകടമാണു. അമ്മക്ക് മക്കളോടുള്ള സ്നേഹം നിബന്ധനകളില്ലാത്തതാണു. അതാണു അമ്മയെ ദേവതയാക്കുന്നത്.

ലോകത്തിലെ ഭൂരിപക്ഷം ഭാഷയിലും അമ്മയെ സൂചിപ്പിക്കുന്ന ശബ്ദം ”മ“ എന്ന് ആരംഭിക്കുന്നു. ഉമിനീരൊലിപ്പിച്ച്കൊണ്ട് പിഞ്ചിളം ചുണ്ടുകൾ ആ ശബ്ദം ഉരുവിട്ട് നിർവ്രുതികൊള്ളുന്നു. പ്രായമായ മനുഷ്യൻെറയും ചുണ്ടിൽ എപ്പോഴും ഊറിവരുന്നതും ആ വാക്ക് തന്നെ. അമ്മ എന്ന വാക്കിൽ മുലപ്പാലിൻെറ മധുരമലിയുന്നു. സ്വഭാവ മഹിമയും കായിക ബലവുമുള്ളവരെ അമ്മയുടെ മുലപ്പാൽ കുടിച്ചവർ എന്ന് പറയുന്നത് വളരെ ശരിയാണു. മാതാ-പിതാക്കൾ കാണപ്പെട്ട ദൈവങ്ങൾ എന്ന് വേദങ്ങൾ പഠിപ്പിക്കുന്നു. ഒരാൾ സന്യാസം സ്വീകരിച്ച് ഈ ലോകത്തിൻെറ ഗുരുവായി അവരോധിക്കപ്പെട്ടാലും അമ്മ കാണാൻ വരുമ്പോൾ സ്വന്തം ഇരിപ്പിടത്തിൽ നിന്നെണീറ്റ് അമ്മയുടെ ചരണങ്ങളിൽ സ്പർശിക്കുന്നു. അമ്മ മകനെ എപ്പോഴും അനുഗ്രഹിക്കുന്നു. എന്നാൽ പിതാവ് മകനായ സന്യാസിയുടെ പാദങ്ങളിൽ സ്പർശിക്കുന്ന സമ്പ്രദായം ഭാരതത്തിൽ ഉണ്ട്. ആർഷഭാരതം അമ്മക്ക് ശ്രേഷ്ഠമായ പദവിയാണു

നൽകിയിരിക്കുന്നത്. ഇന്ദ്രനു ബ്രഹ്മജ്ഞാനം പകർന്ന് കൊടുക്കുന്നത് പാർവ്വതിദേവിയാണു (ഉമ). പാർവ്വതിയെ ദിവ്യമാതാവായി കരുതുന്നു. ഭൂമിയിലെ എല്ലാ അമ്മമാരും ആ ദിവ്യമാതാവിനു തുല്യരാണെന്ന് കരുതിപോരുന്നു.

മാത്രുദിനം എന്നപേരിൽ ഒരു ദിവസം ആഘോഷിക്കുമ്പോൾ മാത്രുത്വത്തിന്റെ മഹത്വം ആ ദിവസത്തിൽ ഒതുങ്ങുന്ന ഒന്നാണെന്ന് ഇന്നത്തെ തലമുറ ആലോചിച്ചേക്കാം. അതിനു കാരണം പണ്ടത്തെപോലെ ഇപ്പോൾ കുട്ടികൾക്ക് അമ്മയുമായി നിതാന്ത സാമീപ്യമില്ലെന്നുള്ളതാണു്.. കുഞ്ഞിന്റെ അവകാശമായ മുലപ്പാലും അവർക്ക് കിട്ടുന്നില്ല. അമ്മയല്ലാതൊരു ദൈവമുണ്ടോ, ഈശ്വരനു എല്ലായിടത്തും ഒരേ സമയത്ത് എത്താൻ കഴിയാത്തത്കൊണ്ട് അദ്ദേഹം അമ്മമാരെ സ്രുഷ്ടിച്ചു എന്നൊക്കെ വാഴ്ത്തപ്പെട്ട അമ്മയുടേയും വാത്സല്യത്തിന്റെ അളവിൽ കാലം പിശുക്ക് കലർത്തുന്നതായി ആനുകാലികസംഭവങ്ങൾ നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. അമ്മയോട് സ്നേഹം വേണമെന്ന സന്ദേശം ഈ ഒരു ദിവസം നടത്തുന്ന പ്രകടനങ്ങളിലും പ്രസംഗങ്ങളിലും മാത്രം നിറഞ്ഞ് നിന്നാൽ അതിനു അധികം ആയുസ്സ് കാണുകയില്ല. അത് അവിരാമം, അനസ്യൂതം, അഭംഗുരം തുടരേണ്ട അമൂല്യ ബന്ധമാണു്. അമ്മയുടെ സ്നേഹവും ലാളനയും അനുഭവിക്കാൻ ഭാഗ്യമുള്ളവർ അമ്മയെ എന്നും ഓർക്കുമെന്നതിനു സംശയമില്ല. അവർക്ക് ഒരു ദിവസത്തിന്റെ ഓർമ്മപ്പെടുത്തൽ ആവശ്യമില്ല. അതെസമയം ഇങ്ങനെ ഒരു ദിവസം നീക്കി വക്കുന്നത്കൊണ്ട് ഇന്ന് സമയത്തിന്റെ പുറകെ ഓടി തളരുന്നവർക്ക് ആഘോഷിക്കാൻ ഒരവസരം കിട്ടുന്നു. ഒരു ദിവസമെങ്കിലും അമ്മയുടെ സ്നേഹതണലിൽ, ഓർമ്മകൾ അയവിറക്കി കഴിഞ്ഞകാലങ്ങൾ വീണ്ടെടുത്ത് ആശ്വസിക്കാൻ കുറേ നല്ലനിമിഷങ്ങൾ എല്ലാവർക്കും കിട്ടുന്നു

ഈ കുറിപ്പെഴുതുമ്പോൾ ഈ ലേഖകൻ അദ്ദേഹത്തിന്റെ മുത്തശ്ശിയെ ഓർക്കുന്നു. ശ്രീ ഒ.എൻ.വി.കുറുപ്പിന്റെ ഉപ്പ് എന്ന കവിത ഇറങ്ങിയ കാലം. അത് വായിച്ചപ്പോൾ അതിലെ മുത്തശ്ശിയിൽ ഞാൻ എന്റെ മുത്തശ്ശിയെ കണ്ടു. കവിത മുത്തശ്ശിയെ വായിച്ചു കേൾപ്പിച്ചു. കഠിന പദങ്ങൾ ഒന്നുമില്ലാത്തത് കൊണ്ട് മുത്തശ്ശിക്ക് മനസ്സിലാകും. പ്ലാവില കോട്ടിയ കുമ്പിളിൽ തുമ്പതൻ പൂവ്വുപോലിത്തിരിയുപ്പുത്തരിയെടുത്താവി പാറുന്ന പൊടിയരിക്കഞ്ഞിയിൽ തൂവി പതുക്കെ പറയുന്നു മുത്തശ്ശി... ഈ വരികൾ മുത്തശ്ശി ആഹ്ലാദത്തോടെ കേട്ടു. അടുത്ത് വന്ന വരികൾ വായിച്ചപ്പോൾ മുഖം മങ്ങി. തോട ഊരികളഞ്ഞ വലിയ കാതുകൾ ആട്ടി ഒന്നു കൂടി വായിക്കൂ എന്ന് പറഞ്ഞു.
കഞ്ഞിയിൽ ഉപ്പുതരി വീണലിഞ്ഞ് മറഞ്ഞ്പോകുമ്പോലെ മുത്തശ്ശിയും നിന്നനിൽപ്പിലൊരുനാൾ മറഞ്ഞുപോം, എങ്കിലും നിന്നിലെയുപ്പായിരിക്കുമേ മുത്തശ്ശിയെന്നും, എന്നുണ്ണിയെവിട്ടെങ്ങ് പോകവാൻ. മുത്തശ്ശിയുടെ കണ്ണുകൾ നിറഞ്ഞു. മരിക്കുന്നതിൽ മുത്തശ്ശിക്ക് വിഷമമില്ല. മുത്തശ്ശിയുടെ ഉണ്ണിയെ വിട്ട് പോകുന്നതിലാണു് സങ്കടം. ചെറുപ്പത്തിലെ അമ്മ നഷ്ടപ്പെട്ട ഉണ്ണി വീണ്ടും ഒറ്റക്കാകുകില്ലേ എന്ന വ്യാകുല ചിന്ത. എങ്കിലും നിന്നിലെയുപ്പായിരിക്കുമേ മുത്തശ്ശിയെന്ന വരി മുത്തശ്ശിക്ക് ആശ്വാസം നൽകി. അത് കഴിഞ്ഞ് എത്രയോ വർഷങ്ങൾ കഴിഞ്ഞാണു മുത്തശ്ശി ഉണ്ണിയെ വിട്ടു പോയത്. ഇതെഴുതുമ്പോൾ മുത്തശ്ശിയുടെ മുഖത്തെ അന്നത്തെ വിഷാദ ഭാവം എന്റെ മുന്നിൽ നിറയുന്നു. ആകാശ നീലിമയിലേക്ക് കണ്ണും നട്ട് നിശ്ശബ്ദയായി ഇരുന്ന മുത്തശ്ശി. എത്രയോ ദുർബ്ബലമാണു മാത്രുഹ്രുദയം. ദുഃഖവും വേദനയുമായി വരുന്ന കാലത്തിന്റെ, വിധിയുടെ കൈകളെ പിടിച്ച് നിറുത്തുവാൻ ആ ഹ്രുദയം വെറുതെ ശ്രമിക്കുന്നു. പരാജയപ്പെടുമ്പോൾ വിതുമ്പി കരയുന്നു. മുത്തശ്ശി കോട്ടിയ പ്ലാവില കൊണ്ട് കോരി കുടിച്ച ഉപ്പിട്ട കഞ്ഞിയുടെ രസം നാവിലൂറുന്നു അത് എന്നിൽ നിമിഷാർദ്ധത്തേക്ക് ആനന്ദം പകരുന്നു. മുത്തശ്ശി കോട്ടിയ പ്ലാവിലകൾ ഇന്നില്ല. ഇലകൾ നൽകിയിരുന്ന പ്ലാവും മുറിച്ച് കളഞ്ഞു. മുത്തശ്ശിയുടെ കാൽപ്പാടുകൾ പതിഞ്ഞ മണ്ണും, മുത്തശ്ശിയെ ദഹിപ്പിച്ച സ്ഥലവും ഇപ്പോഴും മക്കളുടേയും, പേരക്കുട്ടികളുടേയും കാലൊച്ചകൾ കാതോർത്ത് കിടക്കുന്നു. ഭാവന അധികമുള്ളവരുടെ മോഹം പോലെ ഞാനും ചില മാത്രകളിൽ വെറുതെ മോഹിച്ച് പോകുന്നു. മരണദേവൻ ഒരു വരം കൊടുത്ത് മുത്തശ്ശിയെ വീണ്ടും ഭൂമിയിലേക്ക് കൂട്ടികൊണ്ട് വന്നെങ്കിൽ എന്ന്. മരണം ഒരു അനിവാര്യതയാണു്. നമ്മൾ, നമ്മൾക്ക് പ്രിയപ്പെട്ടവർ എല്ലാവരും ഒരു ദിവസം ഇഹലോകവാസം വെടിയും. ജീവിച്ചിരിക്കുന്നവരുടെ ഓർമ്മകളിൽ അവർ പിന്നീട് ജീവിക്കുന്നു. അത് കൊണ്ട് സ്നേഹത്തിന്റെ നാണയതുട്ടുകൾ നിർമ്മിക്കാൻ എപ്പോഴും ഹ്രുദയത്തെ സജ്ജമാക്കുക. അമ്മമ്മാരെ സ്നേഹിക്കുക. ഒരു ദിവസം അവർ നമ്മെ വിട്ട് പോയാലും മായാത്ത ഓർമ്മകളുടെ ലോകത്ത് അവർ, നമുക്ക് തൊട്ടുനോക്കാവുന്ന അത്ര അടുത്ത് ഉണ്ടാകും. സ്നേഹം അനശ്വരമാണു. എല്ലാവർക്കും മാത്രുദിന ശുഭദിന ആശംസകൾ.

ശുഭം